പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2034 — 11.06.2018 ൽ മറുപടിയ്ക്ക്

## പോലീസ് സേനാംഗങ്ങളുടെ സംഘടനാ സ്വാതന്ത്ര്യം

ചോദ്യം

**ശ്രീ.കെ.സി.ജോസഫ്**
**ശ്രീ.സണ്ണി ജോസഫ്**
**ശ്രീ.റോജി എം. ജോൺ**
**ശ്രീ. എം. വിൻസെന്റ്**

മറുപടി

**ശ്രീ.പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പോലീസിന്റെ ക്ഷേമം ലക്ഷ്യമാക്കി പോലീസ് സേനാംഗങ്ങൾക്ക് സംഘടനാ സ്വാതന്ത്ര്യം നൽകുവാനുള്ള തീരുമാനം സംസ്ഥാന പോലീസിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. സേനാംഗങ്ങൾക്ക് തങ്ങളുടെ ആവശ്യങ്ങളും പരാതികളും മേലധികാരികളുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപെടുത്താനും പരിഹാരം കാണാനും സാധിക്കുകയും അത് വഴി കൂടുതൽ സംതൃപ്തമായ തൊഴിൽ സാഹചര്യങ്ങളും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങളും നൽകുന്നതിനും പോലീസ് പൊതുജന ബന്ധം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കുറ്റവാളികളെ പിടികൂടുന്നതിനും മറ്റും രഹസ്യതീരുമാനങ്ങൾ എടുക്കുവാൻ കഴിയാത്ത ഇടങ്ങളായി പോലീസ് സ്റ്റേഷനുകൾ മാറിയത് സംഘടനാസ്വാതന്ത്ര്യം അനുവദിച്ചതിനാലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഷുഹൈബ് വധക്കേസിൽ പോലീസിന്റെ റെയ്ഡ് നീക്കം പ്രതികൾക്ക് ചോർത്തി കൊടുത്തതായി അന്നത്തെ ജില്ലാ പോലീസ് മേധാവി സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയോ; | (സി) & (ഡി) | ജില്ലാ പോലീസ് മേധാവി സംസ്ഥാന പോലീസ് മേധാവിക്ക് ഇത് സംബന്ധിച്ച പരാതി നൽകിയില്ല. |
| (ഡി) | റെയിഡിന്റെ വിശദാംശം ചോർത്തി നൽകിയ പോലീസുകാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; | | |
| (ഇ) | സംഘടനാ സ്വാതന്ത്ര്യം സേനയിലെ അച്ചടക്കം നഷ്ടപ്പെടുത്തിയതായും സേനയെ ദുർബലപ്പെടുത്തിയതായും കണ്ടെത്തിയിട്ടുണ്ടോ; | (ഇ) | കണ്ടെത്തിയിട്ടില്ല. |
| (എഫ്) | എങ്കിൽ പോലീസ് സേനയുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനും സേനയുടെ അന്തസ്സ് ഉയർത്തുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ? | (എഫ്) | സേനയുടെ വിശ്വാസ്യത നഷ്ടമാകുന്ന ഒരു സാഹചര്യവും സംസ്ഥാനത്ത് നിലവിലില്ല. |

സെക്ഷൻ ഓഫീസർ